കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# പാലക്കാട്

**e-mail: dopkd.ksad@kerala.gov.in**
**Phone – 04912520145**

**www.ksad.kerala.gov.in**

# തെങ്കര ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി9/272/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി: - 26.02.2021

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

**തെങ്കര** ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : **തെങ്കര** ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **തെങ്കര** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി9/272/2021 തീയതി – 26.02.2021

## പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പാലക്കാട് ജില്ലയിലെ **തെങ്കര** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.02.2019 മുതൽ 19.12-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **എൻ.സതീശൻ**<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-12-2020മുതൽ 30-12-2020 വരെ |

| | |
|---|---|
| ശ്രീമതി. ബിന്ദു.പി.ജി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീമതി.രമാദേവി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീമതി. ബിന്ദു.പി.ജി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീ. ജിജീഷ് | ഓഡിറ്റർ |
| ശ്രീമതി.കാർത്തിക.പി | ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| പ്രസിഡണ്ട് | |
|---|---|
| ശ്രീമതി. സാവിത്രി | 01-04-2018 മുതൽ 26-10-2018 വരെ |
| ശ്രീമതി. സലീന | 27-10-2018 മുതൽ 31.03.19 വരെ |
| **സെക്രട്ടറി** | |
| ശ്രീ.സുരേഷ്ബാബു.പി | 01-04-2018 മുതൽ 15.05.2018 വരെ |
| ഒഴിവ് | 16.05.2018 |
| ശ്രീ.അനിസ്യലാൽ.പി. (ഇൻ ചാർജ്ജ്) | 17.05.2018 മുതൽ 09.10.18 വരെ |
| ശ്രീ.എസ്. സിറോഷ് | 10.10.18 മുതൽ 15.02.2019 FNവരെ |
| ശ്രീ.സി.എസ്.പ്രകാശ് | 15.02.2019 AN മുതൽ 31.03.2019 വരെ |

## (ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ഹാറൂൺ.ഐ. | 01.04.18മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. അബ്ദുൾ അസീസ്.കെ. | 01.04.18 മുതൽ 18.06.18 FN വരെ |
| | ശ്രീ. റഷീദ്.ഇ. | 18.06.18 AN മുതൽ 08.03.19വരെ |
| | ഒഴിവ് | 08.03.19 മുതൽ 10.03.19വരെ |
| | ശ്രീ.സന്തോഷ്കുമാർ.എ.എസ്. | 11.03.19 മുതൽ 31.3.19വരെ |
| പ്രധാനാദ്ധ്യാപകൻ | ശ്രീമതി ജി.ഉഷ. | 01.04.18 മുതൽ |

| | | |
|---|---|---|
| | | 31.03.19വരെ |
| വി.ഇ.ഒ. | ശ്രീ.അജീഷ്കുമാർ.പി.എ. | 01.04.18 മുതൽ 14.03.19വരെ |
| | ഒഴിവ് | 15.03.19 മുതൽ 31.03.19വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ഡെയ്സി മാത്യു | 01.04.18 മുതൽ20.07.18 വരെ |
| | ഒഴിവ് | 21.07.18 |
| | ശ്രീമതി ഉമൈസ്.കെ. | 22.07.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അനിസ്യ ലാൽ.പി. | 01.04.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. അമൃത | 01.04.18 മുതൽ 21.05.18 FN വരെ |
| | ഡോ.നജീദ ആലംങ്ങോടൻ | 21.05.18AN മുതൽ 11.07.18 FNവരെ |
| | ഡോ.അനീഷ.കെ.എ. | 11.07.18 ANമുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ഷിബു | 01.04.18 മുതൽ 30.06.18വരെ |
| | ഒഴിവ് | 01.07.18 മുതൽ 10.07.18വരെ |
| | ഡോ.ആഷ.കെ. | 11.07.18 മുതൽ 26.11.18 FN വരെ |
| | ഡോ.ഹരീശ്വരൻ.പി.എം. | 26.11.18 AN മുതൽ 31.03.19വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.പി.ആർ.ജയകുമാർ | 01.04.18 മുതൽ 31.03.19വരെ |
| ഡയറി ഫാം ഇൻസ്ട്രക്റ്റർ | ശ്രീമതി. പ്രിയ.പി.ബി. | 01.04.18മുതൽ 25.06.18വരെ |
| | ശ്രീമതി.ശ്യാമ.എൻ.എ. | 26.06.18മുതൽ 31.03.19വരെ |

## ഉള്ളടക്കം

## ഭാഗം 1

## ഓഡിറ്റ് റിപ്പോർട്ട്

## ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം) |
| 6 | 1-6 | ക്ഷേമ പദ്ധതികൾ |
| 7 | 1-7 | ക്യാഷ് പരിശോധന |
| 8 | 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | വാർഷിക കണക്കുകകളിലെ അപാകതകൾ |
| 11 | 1-11 | ബിൽഡിംഗ് പെർമിറ്റ്, റഗുലറൈസേഷൻ - രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല |
| 12 | 1-12 | ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 13 | 1-13 | തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ് |
| 14 | 1-14 | ബജറ്റ്- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല |
| 15 | 1-15 | തെരുവ് വിളക്കുകളുടെ പരിപാലനം |

| | | |
|---|---|---|
| 16 | 1-16 | പൊതുടാപ്പുകളുടെ വെള്ളക്കരം |
| 17 | 1-17 | പാലിന് സബ്സിഡി- കൂടുതൽ മാസങ്ങളിലേക്ക് സബ്സിഡി നൽകാവുന്നതിന്റെ സാദ്ധ്യത പരിശോധിക്കേണ്ടതാണ്. |
| 18 | 1-18 | ലൈഫ് മിഷൻ- അവലോകനം |
| 19 | 1-19 | തുടർ സാക്ഷരത പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 20 | 1-20 | ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിനായി തനത് ഫണ്ടിൽ നിന്നും ചെലവാക്കിയ തുക തിരികെ അടവാക്കേണ്ടതാണ്. |
| 21 | 1-21 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് |
| 22 | 1-22 | കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് - തുക തടസ്സപ്പെടുത്തുന്നു. |
| 23 | 1-23 | എസ്.സി.കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്-തുക തിരിച്ചടവാക്കേണ്ടതാണ് |
| 24 | 1-24 | ആശ്രയ പദ്ധതി |
| 25 | 1-25 | എസ്.സി സ്ഥലം വാങ്ങൽ |
| 26 | 1-26 | പട്ടികജാതി വിഭാഗക്കാർക്ക് ഓട്ടോ വാങ്ങുന്നതിന് ധനസഹായം-ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 27 | 1-27 | മരാമത്തു പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും അവലോകനം |
| 28 | 1-28 | കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല |
| 29 | 1-29 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല |
| 30 | 1-30 | ഇ-ടെണ്ടർ ടെണ്ടർഫോം ഫീസ് പഞ്ചായത്തു തനതുഫണ്ടിലേക്കടവാക്കേണ്ടതാണ് |
| 31 | 1-31 | ജനറൽ പർപസ് ഗ്രാന്റ് ലാപ്സാകാനിടയായി |

| | | |
|---|---|---|
| 32 | 1-32 | വിവിധ പദ്ധതികൾക്കായി മറ്റ് ഏജൻസികളിൽ നിന്ന് ലഭ്യമാകുന്ന തുകകൾ യഥാസമയം ചെലവഴിക്കുന്നില്ല |

## ഭാഗം-II

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ഒന്നുമില്ല

## ഭാഗം-III

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

| | | |
|---|---|---|
| 1 | 3-1 | കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല |
| 2 | 3-2 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല |

## ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. പത്രികകൾ

# ഭാഗം -1
# പൊതു അവലോകനം
# ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

24-3-2018-ാം തീയതിയിലെ തീരുമാനം (1) പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് മുന്നിരിപ്പുൾപ്പെടെ 152933646/- രൂപയും ചെലവ് 144983700/- രൂപയും നീക്കിയിരിപ്പ് 7949946/- രൂപയുമാണ്. റിവൈസ്ഡ് ബജറ്റ് പാസാക്കിയത് 04.02.2019 ലെ തീരുമാനം 3(1) പ്രകാരമാണ്.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31.7.18 | 13.06.2019 | - | - |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3417891 |
| വരവ് | 119474523 |
| ആകെ | 122892414 |
| ചെലവ് | 70629855 |
| നീക്കിയിരിപ്പ് | 52262559 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ * | 0 | 19289000 | 19289000 | 15585690 | 3703310 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി * | | 0 | 6075000 | 6075000 | 3803138 | 2271862 |
| വികസന ഫണ്ട്-ടി.എസ്.പി * | | 0 | 948000 | 948000 | 30000 | 918000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 9331000 | 9331000 | 9315862 | 15138 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3933000 | 3933000 | 3203042 | 729958 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് * | | 0 | 11034993 | 11034993 | 5733906 | 5301087 |
| എം.ജി. എൻ. ആർ.ഇ ജി.എസ്# | തൊഴിലാളികളുടെ കൂലി | - | 42527673 | 42527673 | 42527673 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 69375 | 811280 | 880655 | 668197 | 212458 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ - | ICDS | 1118251 | 12000 | 1130251 | - | 1130251 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | TSC | 0 | 1370000 | 1370000 | 170000 | 1200000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 745730 | 2662469 | 3408199 | 2825730 | 582469 |
| | ജില്ലാ പഞ്ചായത്ത് | 0 | 5269514 | 5269514 | 3160000 | 2109514 |
| ബി ഫണ്ട് | | - | 300600 | 300600 | 300600 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് - SBI | 31866 | 2430053 | 2461919 | 455370 | 2006549 |
| | തെങ്കര സർവീസ് കോ.ബാങ്ക് | 2292241 | 8406348 | 10698589 | 7384717 | 3313872 |
| | ട്രഷറി അക്കൗണ്ട് | 993736 | 31849655 | 32843391 | 29512728 | 3330663 |

* ACR പ്രകാരം

## 1-5 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 88861247 | 161 | 58341540 | - | 54 | 74.88 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 74.88% തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 65.65% ചെലവഴിച്ചുള്ളൂ.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 4484128 | 4416128 | 98 |
| വി.ഇ.ഒ | 13 | 7 | 19521445 | 11457747 | 58.69 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 6 | 7388154 | 3992669 | 54 |
| സെക്രട്ടറി | 24 | 16 | 10065471 | 5533522 | 54.97 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 130 | 98 | 34226953 | 22544894 | 65.86 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 6 | 1239085 | 1150047 | 92.81 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 1800000 | 1800000 | 100 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 4310000 | 3372500 | 78 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 900000 | 900000 | 100 |
| പ്രധാന അധ്യാപകൻ | 3 | 2 | 624165 | 399415 | 63.99 |
| അസി.സെക്രട്ടറി | 16 | 12 | 4301846 | 2774618 | 64 |
| ആകെ | 215 | 161 | 88861247 | 58341540 | 65.65 |

## 1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 300600 | 151 |
| കർഷക തൊഴിലാളി പെൻഷൻ | 3936600 | 305 |
| വിധവാ പെൻഷൻ | 16033700 | 1324 |
| വാർദ്ധക്യകാല പെൻഷൻ | 19751100 | 1599 |
| വികലാംഗ പെൻഷൻ | 3868800 | 325 |
| 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള അവിവാഹിത പെൻഷൻ | 735400 | 63 |

1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.12.2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 5039/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.10.2020 | 05/2020 | 22.10.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.09.18 മുതൽ 25.09.18 വരെ | 2010-11മുതൽ 2017-18വരെ | 02.11.18 |

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന

അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

ജോയിന്റ് വെഞ്ചർ പ്രൊജക്റ്റുകൾക്കായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്നും വിഹിതം ലഭ്യമായതും ചെലവഴിച്ചതും വാർഷിക കണക്കു പ്രകാരവും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരവും ഉള്ള കണക്കുകളും നിർവ്വഹണോദ്യോഗസ്ഥരുടെ പ്രൊജക്റ്റുകൾക്കായി തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും പത്രിക (സുലേഖ) പ്രകാരം ഉള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ല. ജോയിന്റ് വെഞ്ചർ പ്രൊജക്റ്റുകൾക്കായി ജില്ലാ പഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ചെലവഴിച്ചിട്ടുള്ളത് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം മുന്നിരിപ്പ് വരവു ചെലവു നീക്കിയിരിപ്പ് കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ, വാർഷികകണക്ക് എന്നിവയിൽ പൂർണ്ണമായ വരവു ചെലവു വിവരങ്ങൾ ചേർത്തിട്ടില്ല (ഖണ്ഡിക 1-11 കാണുക).

- 2018-19 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കിയില്ല
- തൊഴിൽ നികുതി(ജീവനക്കാർ)- രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റും, ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.
- ബിൽഡിംഗ് പെർമിറ്റ്, റഗുലറൈസേഷൻ - രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല ,തൻവർഷത്തെ അപേക്ഷകളും ഡിമാന്റ് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
- ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവിധ ഡെപ്പോസിറ്റുകളുടെ റീ ഫണ്ട് തുകകളും ധനകാര്യപത്രികയിലെ RP-34 ലെ ചെലവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
- ലോൺ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ലൈഫ് ലോൺ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
- അഡ്വാൻസ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ ഇല്ല.
- ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
- പദ്ധതി വിഹിതം ലഭ്യമായതിൽ യഥാസമയം ചെലവഴിക്കാത്തതിനാൽ താഴെ സൂചിപ്പിക്കും പ്രകാരം തുക ലാപ്സാകാനിടയായിട്ടുണ്ട്.

| ഫണ്ടിനം | വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 19289000 | 15585690 | 3703310 |
| വികസന ഫണ്ട്-എസ്.സി.പി | 6075000 | 3803138 | 2271862 |
| | | | |

| | | | |
|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി | 948000 | 30000 | 918000 |
| മെയിന്റനൻസ്, റോഡ് | 9331000 | 9315862 | 15138 |
| മെയിന്റനൻസ്, നോൺ-റോഡ് | 3933000 | 3203042 | 729958 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 11034993 | 5733906 | 5301087 |

- ജനറൽ പർപസ് ഗ്രാന്റ് അലോട്ട്മെന്റ് ലഭിച്ചത് യഥാസമയം ടി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാത്തതുമൂലം 873677/- രൂപ പഞ്ചായത്തിന് വരവിനത്തിൽ നഷ്ടമായിട്ടുണ്ട്.

1-10 വാർഷിക കണക്കുകകളിലെ അപാകതകൾ

എ. കെ.എസ്.എ-പി.കെ.ഡി-21/997/2019(75) തീയതി 26.08.2019 നമ്പർ വാർഷിക കണക്ക് 2018-19 സാക്ഷ്യപത്രത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.

ബി. ജനറൽ പർപസ് ഗ്രാന്റ് വരവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ₹10882441/- ആണ്. എന്നാൽ വാർഷികകണക്ക് പ്രകാരം ഈയിനത്തിലുള്ള വരവ് ₹ 10008774/- ആണ്. വ്യത്യാസം 873677/-. അലോട്ട്മെന്റ് ലഭിച്ച ഈ തുക വരവിൽ കുറവു വരാനും TSB അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യപ്പെടാതെ ലാപ്സാകാനിടയായതിനും വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (12/30.12.2020) മുഖേന ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമായില്ല.

സി. ജോയിന്റ് വെഞ്ചർ പ്രൊജക്റ്റുകൾക്കായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്നും വിഹിതം ലഭ്യമായതും ചെലവഴിച്ചതും വാർഷിക കണക്കു പ്രകാരവും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരവും താഴെ പറയും വിധമാണ്.

| സ്ഥാപനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 0 | 5269514 | 3160000 | 2109514 |
| ബ്ലോക്ക് പഞ്ചായത്ത് | 745730 | 2662469 | 2825730 | 582469 |

എന്നാൽ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രൊജക്റ്റുകൾക്കായി തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും പത്രിക(സുലേഖ) പ്രകാരം ജോയിന്റ് വെഞ്ചർ പ്രൊജക്റ്റുകൾക്കായി ജില്ലാ പഞ്ചായത്ത് വിഹിതമായി 3851483/-ഉം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 3865940/- ഉം ചെലവഴിച്ചിട്ടുണ്ട്. ഇതു പ്രകാരം ജോയിന്റ് വെഞ്ചർ

പ്രൊജക്റ്റുകൾക്കായി താഴെ പറയുന്ന ഇനങ്ങൾക്കു കൂടി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിഹിതം ചെലവഴിച്ചതായി കാണുന്നു. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ഈയിനങ്ങളിൽ മുന്നിരിപ്പ് വരവു ചെലവു നീക്കിയിരിപ്പ് കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ഇനം | ജില്ലാ പഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
|---|---|---|---|
| 1. | സമൃദ്ധി നെൽക്കൃഷിക്ക് കൂലിചെലവ് സബ്സിഡി | 201450 | 604350 |
| 2. | സ്വാന്തനപരിചരണം | 228005 | 183188 |
| 3. | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 147000 | 67700 |
| 4. | പാലിന് സബ്സിഡി | 100000 | 200000 |

ഡി. ലൈഫ് മിഷൻ പ്രൊജക്റ്റിന്റെ ഭാഗമായ ചെലവു കണക്കുകളിലും വ്യത്യാസമുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | ACR & AFSപ്രകാരം | | സുലേഖ പ്രകാരം | |
|---|---|---|---|---|---|
| | | ജില്ലാ പഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| 1. | ലൈഫ് മിഷൻ - ജനറൽ, ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (27/19) | 3160000 | 2080000 | 3175028 | 2064972 |
| 2. | ലൈഫ് മിഷൻ -എസ്.സി, പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം (150/19) | - | 745730 | - | 745730 |
| ആകെ | | 3160000 | 2825730 | 3175028 | 2810702 |

മേൽപ്പറഞ്ഞവയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻകചയറി (12/30.12.2020) മുഖേന ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമായില്ല.

1-11 ബിൽഡിംഗ് പെർമിറ്റ്, റഗുലറൈസേഷൻ - രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

എ) പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പുതിയ പെർമിറ്റ് എടുക്കുന്നതിനും പുതുക്കുന്നതിനും ഉൾപ്പെടെ 2018-19 സാമ്പത്തിക വർഷം ആകെ 318 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പെർമിറ്റ് രജി. ക്രമ നം. | അപേക്ഷ നം. | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ ഉപയോഗം | വിസ്തീർണ്ണം (റിമാർക്സ്) |
|---|---|---|---|---|
| 119/18-19 | 4035/ 14-05-2018 | കാസിം, പുഞ്ചക്കോട് | പാർപ്പിടം | $185.41m^2$ (നിലം) |
| 124/18-19 | 4229/ 19-05-2018 | അഷ്റഫ്, കൈതച്ചിറ | റെസിഡൻഷ്യൽ കാർട്ടേഴ്സ് | $141.81m^2$ |
| 133/18-19 | 4673/ 02-06-2018 | ഉണ്ണിക്കൃഷ്ണൻ, കൈനിക്കോട് | പാർപ്പിടം | $127.98m^2$ (completed) |
| 135/18-19 | 4676/ 02-06-2018 | അരുൺ, അരകുർശ്ശി | പാർപ്പിടം | $95.25m^2$ (completed) |
| 144/18-19 | 5221/ 25-06-2018 | ഉമൈബ, കോൽപ്പാടം | പാർപ്പിടം | $122.80m^2$ |
| 148/18-19 | 5353/ 27-06-2018 | സാജൻ.കെ, തെങ്കര | പാർപ്പിടം | $179.40m^2$ (completed) |
| 149/18-19 | 5354/ 27-06-2018 | സോണി.കെ, തെങ്കര | പാർപ്പിടം | $163.77m^2$ (completed) |
| 163/18-19 | 5849/ 10-07-2018 | ശിവകുമാർ, വാഴേക്കാട്ടിൽ | പാർപ്പിടം | $70.90m^2$ (completed) |
| 166/18-19 | 6012/ 13-07-2018 | ഉമർഫാറൂഖ്, കൈതച്ചിറ | പാർപ്പിടം | $107.96m^2$ (completed) |
| 177/18-19 | 6686/ 04-08-2018 | സൈനുദ്ദീൻ, മേലാമുറി | പൗൾട്രി ഫാം | $284.5m^2$ |
| 179/18-19 | 6746/ 07-08-2018 | ബഷീർ, മുണ്ടക്കണ്ണി | പാർപ്പിടം | $144.83m^2$ (completed) |

| | | | | |
|---|---|---|---|---|
| 199/18-19 | 7691/<br>13-09-2018 | കുഞ്ഞുമുഹമ്മദ്, ചേമംകുളം | പാർപ്പിടം | 115.40m$^2$<br>(completed) |
| 241/18-19 | 8887/<br>30-10-2018 | കുഞ്ഞിലക്ഷ്മി, കാളക്കാട് | പാർപ്പിടം | 59.98m$^2$<br>(completed) |
| 251/18-19 | 9157/<br>13-11-2018 | സുദേവൻ, തെങ്കര | റെസിഡൻഷ്യൽ കാർട്ടേഴ്സ് | 275.08m$^2$ |
| 284/18-19 | 10085/<br>22-12-2018 | രവികുമാർ, തെങ്കര | വാണിജ്യം | 292.51m$^2$ |
| 299/18-19 | 130/<br>07-01-2019 | സാബിറ, സബിന -ആണിപ്പാടം | പാർപ്പിടം | 94.30m$^2$<br>നിലം<br>(completed) |
| 311/18-19 | 494/<br>18-01-2019 | അബ്ദുൾറഹ്മാൻ, കോൽപ്പാടം | വാണിജ്യം | 109m$^2$ |
| 330/18-19 | 1461/<br>21-02-2019 | അബ്ദുൾമജീദ്, വട്ടപ്പറമ്പ് | വാണിജ്യം | 255.75m$^2$ |
| 337/18-19 | 1993/<br>22-02-2019 | അബൂജെ, പട്ടിക്കാട് | പാർപ്പിടം | 116.49m$^2$<br>നിലം |

കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചത് മുതൽ നിർമ്മാണം പൂർത്തിയാക്കി കെട്ടിട നമ്പർ നൽകി, നികുതി നിശ്ചയിക്കുന്നത് വരെ ഒറ്റ ഫയലായാണ് സൂക്ഷിക്കേണ്ടതെന്നിരിക്കെ പെർമിറ്റ് ഫയലുകൾ കൃത്യമായി സൂക്ഷിക്കാത്തതിനാൽ, നിർമ്മാണത്തിന് മുമ്പ് പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിക്കാൻ കഴിയില്ല. പെർമിറ്റിന്റെ കാലാവധി പെർമിറ്റ് നൽകിയ തിയതി മുതൽ 3 വർഷം ആണെന്നിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ പെർമിറ്റ് നൽകിയ കെട്ടിടങ്ങളുടെ ഫയലുകൾ പെർമിറ്റ് കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് തന്നെ ഹാജരാക്കാൻ കഴിയാത്തത് / സൂക്ഷിക്കാത്തത് ശരിയായ നടപടിക്രമമല്ല എന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

ബി) 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ബിൽഡിംഗ് റഗുലറൈസേഷൻ ഫീ ഇനത്തിൽ 125928/- രൂപ വരവ് ഉണ്ട്. ഇത് സംബന്ധിച്ച അപേക്ഷകളും അപേക്ഷകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച രേഖകളും ഡിമാന്റ് രജിസ്റ്ററും പരിശോധനയ്ക്കായി ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടുവെങ്കിലും രേഖകൾ ഹാജരാക്കിയില്ല.

ചട്ടപ്രകാരം സെക്രട്ടറിയുടെ അനുവാദം ആവശ്യമുള്ളതും എന്നാൽ അംഗീകൃത പ്ലാൻ ഇല്ലാതെയോ പ്ലാനിൽ നിന്ന് വ്യതിചലിച്ചോ ഉള്ള എന്തെങ്കിലും ജോലി ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ടെങ്കിലോ പണി

പൂർത്തിയാക്കിയിട്ടുണ്ടെങ്കിലോ അവ ക്രമവത്ക്കരിക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ട്. ക്രമവത്കരണത്തിനുള്ള അപേക്ഷ ഒരു പുതിയ കെട്ടിട പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്ന പോലെ രേഖകൾ സമർപ്പിക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്.

ക്രമവത്കരണം അനുവദിക്കുവാൻ തീരുമാനിച്ചാൽ രാജിയാക്കൽ ഫീസായി ഒടുക്കേണ്ട തുകയും തുക ഒടുക്കേണ്ട കാലാവധിയും വ്യക്തമാക്കിക്കൊണ്ട് സെക്രട്ടറി രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്. ക്രമവത്കരണം അനുവദിച്ചതിന്റെ വിവരം അപ്പന്റിക്സ്-J യിലെ മാതൃകയിലുള്ള രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും അപ്പന്റിക്സ്-Iലെ മാതൃകയിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. ക്രമവത്കരണം സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതും രേഖകൾ സൂക്ഷിക്കാത്തതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്.

26-09-2019 തിയതിയിലെ TQS/Q- 856 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം പഞ്ചായത്തിന് ISO സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ ഫയലുകൾ കൃത്യമായി സൂക്ഷിച്ച് പരിശോധനയ്ക്കായി ഹാജരാക്കാത്തത് ഗുരുതരമായ വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിലേക്ക് സെക്രട്ടറിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് അന്വേഷണം നം. 9/28-12-2020)

1-12 ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 , 254 എന്നീ വകുപ്പുകൾ കൂട്ടി വായിച്ചതു പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് 1996- ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ രൂപീകരിക്കപ്പെട്ടു. 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട്(The Kerala Investment Promotion and Facilitation (No.2) Act, 2018) നിലവിൽ വന്നതിനെ തുടർന്ന് പഞ്ചായത്ത് രാജ് ആക്ടിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട 232, 233 വകുപ്പുകളിൽ ഭേദഗതി വരുത്തിയതിനെ തുടർന്ന് 1996ലെ കേരളാ പഞ്ചായത്ത് രാജ്
(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചട്ടങ്ങളുടെ പേര് 1996ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ എന്ന് മാറ്റുകയും ചെയ്തു.

കൂടാതെ ചട്ടം 10-ലെ പട്ടിക-2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ

അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രുപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ട താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) ചട്ടത്തിലെ ഭേദഗതി പ്രകാരമുള്ള ലൈസൻസ് അനുവദിക്കുകയോ പട്ടിക 2 പ്രകാരമുള്ള പുതിയ ഫീസ് നിരക്ക് ഈടാക്കുകയോ ചെയ്തിട്ടില്ല. ഒരു ദിവസത്തെ വിറ്റ് വരവിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കിയിരിക്കുന്നത്.മിക്ക അപേക്ഷകളിലും പൂർണ്ണമായും വിവരങ്ങൾ ഉൾപ്പെടുത്തുകയോ സെക്രട്ടറിയുടെ തീരുമാനം സംബന്ധിച്ച രേഖപ്പെടുത്തലുകളോ ഇല്ല.

മേൽ സാഹചര്യത്തിൽ ഭേദഗതി പ്രകാരമുള്ള പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കി, ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

2)വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2018-19 ലെ ഡി ആന്റ് ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 139 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 988 വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ടി കണക്കുകളിലെ വൈരുദ്ധ്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി കണക്ക് പ്രകാരം പഞ്ചായത്ത് പരിധിയിൽ 86% വാണിജ്യ സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്നും പുതുക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിനായി വാർഡ് അടിസ്ഥാനത്തിലുള്ള ഒരു ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും സ്ഥാപനങ്ങളുടെ ലിസ്റ്റ് കാലികമാക്കേണ്ടതും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതുമാണ്. പുതിയ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനായി ഓരോ വർഷവും ഫീൽഡ് പരിശോധന നടത്തി വാർഡ് തലത്തിൽ ലിസ്റ്റ് കാലികമാക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3)1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകളുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. 2018-19 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ റേഷൻ കടകൾ ലൈസൻസ് എടുത്തതായി കാണാൻ കഴിഞ്ഞില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നറേഷൻ കടകളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 6/28-12-20)

1-13 തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്

എ) ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1) (ii) എ (i) പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും.

(1) ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് ചെലവ് വിവരം പരിശോധിച്ചതിൽ ബിൽ രജിസ്റ്റർ പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ വിവിധ തസ്തികകളിൽ ജോലി ചെയ്തിട്ടുള്ള താഴെ പറയുന്ന വ്യക്തികൾക്ക് വേതനം നൽകിയിട്ടുണ്ടെങ്കിലും ടി ജീവനക്കാരുടെ പക്കൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | തസ്തിക | വേതനം നൽകിയതിന്റെ വിവരം | |
|---|---|---|---|
| | | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
| ഉമ | പി.ടി.എസ് | 32000 | 16400 |
| കബീർ | ഡ്രൈവർ | 110960 | 74900 |
| ഹംസകുട്ടി | ഡ്രൈവർ | --- | 32200 |
| പ്രീതി.കെ | ഡാറ്റ എൻട്രി ഓപ്പറേറ്റർ | 19880 | --- |
| സതീഷ്.സി.സി | ഡാറ്റ എൻട്രി ഓപ്പറേറ്റർ | 50780 | --- |
| | | | |

| | | | |
|---|---|---|---|
| മീന പ്രകാശ് | ഡാറ്റ എൻട്രി ഓപ്പറേറ്റർ | 31240 | --- |

(2) 2018-19 സാമ്പത്തിക വർഷത്തിൽ വെള്ളാരംകുന്ന് ക്ഷീരോൽപ്പാദക സഹകരണ സംഘത്തിലെ ജീവനക്കാരുടെ രണ്ട് അർദ്ധ വർഷത്തെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ടി സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം, പേര് വിവരങ്ങൾ, ശമ്പള വിവരം എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) <u>സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|
| ദി മണ്ണാർക്കാട് റൂറൽ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | രണ്ടാം അർദ്ധ വർഷം |
| ഇന്ത്യൻ ഓവർസീസ് ബാങ്ക് | ഒന്നാം അർദ്ധ വർഷം |
| ക്ഷീരോൽപ്പാദക സഹകരണ സംഘം, തെങ്കര | ഒന്നും രണ്ടും അർദ്ധ വർഷം |
| മാവേലി സ്റ്റോർ, തെങ്കര | ഒന്നും രണ്ടും അർദ്ധ വർഷം |
| ക്ഷീരോൽപ്പാദക സഹകരണ സംഘം, ചേരുംകുളം | ഒന്നും രണ്ടും അർദ്ധ വർഷം |
| ക്ഷീരോൽപ്പാദക സഹകരണ സംഘം, വെള്ളാരംകുന്ന് | ഒന്നും രണ്ടും അർദ്ധ വർഷം |
| ദി മണ്ണാർക്കാട് റബ്ബർ എസ്റ്റേറ്റ് Pvt. Ltd. | ഒന്നും രണ്ടും അർദ്ധ വർഷം |

| | |
|---|---|
| പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, മണ്ണാർക്കാട് എസ്റ്റേറ്റ് | രണ്ടാം അർദ്ധ വർഷം |
| 110KV സബ്സ്റ്റേഷൻ, മണ്ണാർക്കാട് | രണ്ടാം അർദ്ധ വർഷം |

<u>സി റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
ഡി) <u>ഡി.സി.ബി കണക്കുകൾ പൊരുത്തപ്പെടുന്നില്ല</u>

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി (ജീവനക്കാരുടെ) ഇനത്തിന്റെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വാർഷിക ധനകാര്യ പത്രികയിലെ കണക്കും ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 522480 | 522480 | 0 |
| ഡിമാന്റ് രജിസ്റ്റർ പ്രകാരം | 523730 | 522480 | 1250 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.
വാർഷിക കണക്കിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും പരാമർശത്തിൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 7/28-12-2020)

1-14 ബജറ്റ്- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത

വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്.

സ.ഉ (സാധാ) നം. 3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാനുവൽ' അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പ്രകാരം ബജറ്റ് തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്.

2018-19 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 27-02-2018 തിയതിയിലെ തീരുമാനം നം. 2 പ്രകാരം വാർഷിക ബജറ്റ് കരട് നിർദ്ദേശങ്ങൾ യോഗം ചർച്ച ചെയ്തതായും മാർച്ച് 21 ന് ബജറ്റ് അവതരിപ്പിക്കുന്നതിനും മാർച്ച് 28 ന് ബജറ്റ് അംഗീകരിക്കുന്നതിനും പഞ്ചായത്ത് ഭരണ സമിതിയിലേക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 21-03-2018 -ലെ 2(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച വാർഷിക ബജറ്റ്, ഭരണ സമിതി 24-03-2018 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഭരണ സമിതിയുടെ 04-02-2019 തിയതിയിലെ 3(1) -ാം നമ്പർ തീരുമാനം പ്രകാരം 2018-19 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

തുടർന്നുള്ള വർഷങ്ങളിൽ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം.5/28-12-20)

### 1-15 തെരുവ് വിളക്കുകളുടെ പരിപാലനം

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ആയി 2018-19 സാമ്പത്തിക വർഷം 1225205/-രൂപ അടവാക്കിയിട്ടുണ്ട്. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. അടവാക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കൃത്യത ഉറപ്പാക്കുന്നതിന് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് 20.11.2019 ൽ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ ആകെ LED ലാമ്പുകളുടെ എണ്ണം 281 ആണ്. എന്നാൽ 2018-19 ലെ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി (154/19) പ്രകാരം

273 എണ്ണം സ്ഥാപിച്ചതായാണ് റിപ്പോർട്ട്. ആയതിനാൽ 281 എണ്ണം എന്നതിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

സംയുക്ത പരിശോധന റിപ്പോർട്ട് പ്രകാരം Sodium Vapour Lamp-22, Tube-243, CFL-745, LED-281, bulb-108 എന്ന പ്രകാരമാണ്.

എൽ.ഇ.ഡി ലാമ്പുകൾക്ക് ആയുസ് ദൈർഘ്യം കൂടുതലാണ്. ആയതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ തദനുസൃതമായ മാറ്റങ്ങൾ വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 14/31.12.2020)

1-16 പൊതുടാപ്പുകളുടെ വെള്ളക്കരം

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 48125/- രൂപ അടവാക്കിയിട്ടുണ്ട്. 110 പൊതുടാപ്പുകൾക്കാണ് തുക അടവാക്കി വരുന്നത്. ആയതിനാൽ ഒരു വർഷം 577500/- രൂപ ചെലവ് വരുന്നുണ്ട്.

ആയതിനാൽ ഗാർഹിക കണക്ഷൻ നൽകി വെള്ളക്ഷാമം പരിഹരിച്ച് പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-17 പാലിന് സബ്സിഡി- കൂടുതൽ മാസങ്ങളിലേക്ക് സബ്സിഡി നൽകാവുന്നതിന്റെ സാദ്ധ്യത പരിശോധിക്കേണ്ടതാണ്

ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി ഇൻസെന്റീവ് നൽകുന്നതാണ് പദ്ധതി.

| | |
|---|---|
| പ്രോജക്റ്റ് നം | 44/18-19 |
| പ്രോജക്റ്റിന്റെ പേര് | പാലിന് സബ്സിഡി |
| അടങ്കൽ | 9,00,000/- |
| ചെലവ് | 9,00,000/- |
| ബിൽ നം | 1(14-9-18), 2(24-10-18) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) 22/18 ത.സ്വ.ഭ.വ, തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖപ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. എന്നാൽ പാലിന് സബ്സിഡി പദ്ധതി പ്രകാരം തെങ്കര ഗ്രാമ പഞ്ചായത്തിലെ 3ക്ഷീരോൽപ്പാദക സഹകരണ

സംഘങ്ങളിലെ കർഷകർക്കായി (തെങ്കര, വെള്ളാരംകുന്ന്, ചേറുംകുളം) 3 രൂപ നിരക്കിൽ 2018ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള 5 മാസങ്ങളിലേക്ക് മാത്രമാണ് സബ്സിഡി നൽകിയിട്ടുള്ളത്. 2018 സെപ്തംബർ മുതൽ 2019 മാർച്ച് വരെയുള്ള കാലയളവിൽ അളന്ന പാലിനുള്ള ആനുകൂല്യം കർഷകന് ലഭ്യമായിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം-2 (28-12-2020) ന് മറുപടിയായി ഫണ്ടിന്റെ അഭാവം മൂലമാണ് ഇങ്ങനെ സംഭവിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്. കർഷകർക്ക് സാമ്പത്തിക വർഷം മുഴുവനായോ കൂടുതൽ മാസങ്ങളിലേയോ പാലളവിന് സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രോജക്റ്റ് തയ്യാറാക്കുന്നതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-18 ലൈഫ് മിഷൻ- അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2018-19 വർഷത്തിൽ തെങ്കര ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>ലൈഫ് പദ്ധതി ഒന്നാംഘട്ടം</u>

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തൻ വർഷം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആകെയുണ്ടായിരുന്ന 42 ഗുണഭോക്താക്കളിൽ 41 ഗുണഭോക്താക്കളും ഭവനനിർമാണം പൂർത്തീകരിച്ചു.

<u>ലൈഫ് പദ്ധതി രണ്ടാം ഘട്ടം</u>

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിരുന്നത്. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 624 ഉം എസ്.സി വിഭാഗത്തിൽ 33ഉം എസ് ടി വിഭാഗത്തിൽ 2 ഗുണഭോക്താക്കളുമാള്ളത്. ആയതിൽ 295 പേരാണ് തൻവർഷം എഗ്രിമെന്റ് വച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000 രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

a) **<u>ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം - ജനറൽ (പ്രൊജക്റ്റ് നം 27)</u>**

395 ഗുണഭോക്താക്കൾ തൻവർഷം പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി കരാർ വച്ചിട്ടുണ്ട്. അതിൽ നാളിതു വരെയുള്ള കണക്ക് പ്രകാരം 117 ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്.

2020 ഡിസംബർ വരെ 360 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 35 പേരുടെ ഭവനനിർമ്മാണം പുരോഗമിച്ച് വരുന്നു.

2018-19 ൽ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചേർക്കുന്നു.

| ഫണ്ട് | 2018-19 | |
|---|---|---|
| | അടങ്കൽ | ചെലവ് |
| പൊതുവിഭാഗം സാധാരണ വിഹിതം | 4000000 | 3959505 |
| ബ്ലോക്ക് പഞ്ചായത്ത് | 2064972 | 2064972 |
| ജില്ലാ പഞ്ചായത്ത് | 3181985 | 3175028 |
| ആകെ | 9246957 | 9199505 |

<u>b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം പ്രൊജക്റ്റ് നം 28– എസ്.സി.പി</u>

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| എസ്.സി.പി | 1890000 | 480000 |
| ബ്ലോക്ക് പഞ്ചായത്ത് | 244797 | 0 |
| ജില്ലാ പഞ്ചായത്ത് | 339468 | 0 |
| ആകെ | 2474265 | 480000 |

<u>ആദ്യഗഡു കൈപ്പറ്റി നിർമ്മാണം തുടരാൻ കഴിയാത്തവർ</u>

ആദ്യ ഗഡു കൈപ്പറ്റി നിർമ്മാണം തുടരാൻ കഴിയാത്തവരെ സഹായിക്കുന്നതിന് ലൈഫ് മിഷൻ മാർഗ്ഗരേഖ സ.ഉ (എം.എസ്) നം 151/2017/ ത.സ്വ.ഭ.വ തീയതി 31.07.17 പ്രകാരം താഴെ പറയുന്നതു പോലെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്.

1. ഇവർക്ക് ആവശ്യമായ അധിക മാനവശേഷി നൽകിയും പ്രാദേശികമായി ധനസമാഹരണം നടത്തിയും ഭവന നിർമ്മാണത്തിൽ പങ്കാളികളായും സഹായിക്കാവുന്നതാണ്. ഇതിനായി കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ് പ്രവർത്തകർ, മറ്റ് സാമൂഹിക സന്നദ്ധ പ്രവർത്തകർ എന്നിവരുടെയും സേവനം ഉറപ്പു വരുത്താവുന്നതാണ്.
2. നിരാശ്രയർക്ക് സ്പോൺസർഷിപ്പ് വഴി ഭവനം പൂർണ്ണമായി നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.
3. തങ്ങളുടെ സ്കൂളിൽ അല്ലെങ്കിൽ കോളേജിൽ പഠിക്കുന്ന ഏതെങ്കിലും വിദ്യാർത്ഥികൾ ലൈഫ് മിഷനിലെ ഗുണഭോക്താവ് ആണെങ്കിൽ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥികളിൽ നിന്നും

ധനശേഖരണം നടത്തിയും മാനുഷികശേഷി ഉപയോഗിച്ചും ഭവന നിർമ്മാണം പൂർത്തീകരിച്ചു നൽകാവുന്നതാണ്.

വീടുപണി തുടങ്ങാൻ /പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ ആവശ്യമെങ്കിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

**ഹഡ്കോ ലോൺ**

ഹഡ്കോ ലോണായി 2018-19 സാമ്പത്തിക വർഷം 45,10,096/- രൂപ ലഭ്യമായിട്ടുണ്ട്.

**ഭവനനിധി രൂപീകരിച്ചിട്ടില്ല**

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പ്രധാനമായും ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ ഭവനനിധി രൂപികരിച്ചിട്ടില്ല

**ഓഡിറ്റ് നിർദ്ദേശം**

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

1-19 തുടർ സാക്ഷരത പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്
പ്രോജക്ട് നം. – 45/19

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, തെങ്കര

അടങ്കൽ - 100000/-(തനത് ഫണ്ട് )

ചെലവ് - 98250/-

എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ തുടർസാക്ഷരതാ പദ്ധതി എന്ന പ്രൊജക്ട് പ്രകാരം 98250/- രൂപ കേരള സ്റ്റേറ്റ് ലിറ്ററസി അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ആയതിൽ പത്താംതരം തുല്യത ഫീസിനത്തിൽ 54250/- രൂപ 57026996123 നമ്പർ എസ്.ബി.ഐ അക്കൗണ്ടിലേക്കും പ്ലസ് വൺ ഫീസിനത്തിൽ 44000/- രൂപ 02880100113107 നമ്പർ യൂക്കോ ബാങ്ക് അക്കൗണ്ടിലേക്കും ആണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. ടി തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് 54250/-

രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ബാക്കിയുള്ള 44000/- രൂപയുടെ വിനിയോഗ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.8/28-12-2020)

1-20 ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിനായി തനത് ഫണ്ടിൽ നിന്നും ചെലവാക്കിയ തുക തിരികെ അടവാക്കേണ്ടതാണ്.

തെങ്കര പി എച്ച് സി യിലെ ജീവനക്കാരുടെ 2018-19 സാമ്പത്തിക വർഷത്തെ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്ത വകയിൽ 500/- രൂപ റോസ് അസ്സോസിയേറ്റ്സ്, എന്ന സ്ഥാപനത്തിന് 22-1-19 ന് മെഡിക്കൽ ഓഫീസർ, പി എച്ച് സി നൽകിയിട്ടുണ്ട്. ടി തുക മെഡിക്കൽ ഓഫീസർ 30-1-19 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും കൈപ്പറ്റിയിട്ടുമുണ്ട്. ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യേണ്ടത് വ്യക്തിപരമായ ബാദ്ധ്യതയാണ്. ആയതിന് പഞ്ചായത്തിന്റെ തനത് ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 3 (28-12-2020) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 500/- രൂപ തിരികെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം | 54/18-19 |
| പ്രോജക്ട് പേര് | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 17,00,000/- |
| ചെലവ് | 17,00,000/- |
| ബിൽ നമ്പർ | 1 (18-9-18) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) 22/18 ത.സ്വ.ഭ.വ , തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.5.3 പ്രകാരം കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പു മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യ സ്ഥാപനത്തിലെ മരുന്നു വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെയും മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ല. എന്നാൽ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ മേൽ പ്രൊജക്ടിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്

ഇല്ലാതെയാണ് മരുന്ന് വാങ്ങിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം – 4 തീയതി 28.12.2020ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

1-22 കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് - തുക തടസ്സപ്പെടുത്തുന്നു

കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് (14/19)

അടങ്കൽ - 290000 (പ്ലാൻ ജനറൽ)

ചെലവ് - 290000 (ട്രഷറി ബിൽ നം.22/23.10.18)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി പ്രകാരം 290000/- രൂപ കുടുംബശ്രീ തനത് ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിച്ച് ആയതിനു ശേഷം ഒരു കുടുംബശ്രീ യൂണിറ്റിന് 10000/- രൂപ വീതം 29 കുടുംബശ്രീ യൂണിറ്റുകൾക്കാണ് തുക നൽകിയിരിക്കുന്നത്. യൂണിറ്റുകളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക നൽകിയിരിക്കുന്നത്.

സംരഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനെക്കുറിച്ച് സബ്സിഡി മാർഗ്ഗരേഖ (സ.ഉ. (കൈ) നം. 22/2018 തസ്വഭവ, തീയതി.14.2.2018 ഖണ്ഡിക - 21 ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ പൊതു ധനകാര്യ സ്ഥാപനത്തിൽനിന്നുള്ള വായ്പ കൂടി ഉൾപ്പെടുത്തി സംരംഭം തുടങ്ങേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗരേഖയിൽ റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ലെന്നും താൽക്കാലികമായ പലിശരഹിതമായ പ്രോൽസാഹനം മാത്രമാണെന്നും പറഞ്ഞിരിക്കുന്നു. കുടുംബശ്രീക്ക് വ്യക്തമായ വായ്പാധിഷ്ഠിത തൊഴിൽ സംരംഭ പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു പ്രോജക്റ്റ് റിപ്പോർട്ടിന്റെ അഭാവത്തിലാണ് തുക കുടുംബശ്രീക്ക് കൈമാറിയത്. ഈ പദ്ധതി നടപ്പിലാക്കിയതിൽ മാനദണ്ഡങ്ങളൊന്നും തന്നെ പരിഗണിച്ചതായി കാണുന്നില്ല.

ഓഡിറ്റ് അന്വേഷണത്തിന് (13/30.12.2020) കുടുംബശ്രീ യൂണിറ്റുകൾ പച്ചക്കറി കൃഷികൾ നടത്തുന്ന സംരംഭമാണ് ചെയ്തുവരുന്നത്. ഇത്തരം ചെറു കൃഷി ചെയ്തു വരുന്ന യൂണിറ്റുകൾക്ക് വിപുലമായ ബാങ്ക് വായ്പ വലിയ സാമ്പത്തിക ബാധ്യത വരുത്തും എന്നുള്ളതിനാൽ റിവോൾവിംഗ് ഫണ്ട് തിരിച്ചടക്കാം എന്ന വ്യവസ്ഥയിൽ 10000/- രൂപ വീതം നൽകിയത് എന്നും ആയത് അടിയന്തിരമായി തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വകരിച്ചിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ചെലവ് തുക 290000/-രൂപ തടസ്സപ്പെടുത്തുന്നു. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-23 എസ്.സി.കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്-തുക തിരിച്ചടവാക്കേണ്ടതാണ്

എസ്.സി. കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്(15/19)

അടങ്കൽ - 100000(പ്ലാൻ എസ്.സി.പി)

ചെലവ് - 100000 (ട്രഷറി ബിൽ നം.24/23.10.18)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി പ്രകാരം 100000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് കുടുംബശ്രീ തനത് ഫണ്ട് അക്കൗണ്ടിലേക്ക് 01.02.2019തീയതി നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായും തുക ചെലവഴിച്ചിട്ടില്ല. ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പദ്ധതി തുക 100000/- രൂപ പിൻവലിച്ച് നിശ്ചിത ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതാണ്.

പദ്ധതി മാനദണ്ഡങ്ങൾ അനുസരിച്ച് യോഗ്യതയുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഉറപ്പുവരുത്തിയശേഷമാണ് പദ്ധതി അടങ്കൽ വച്ച് തുക പിൻവലിക്കേണ്ടത്. യോഗ്യതയുള്ള ഗുണഭോക്താക്കൾ ആരും ഇല്ലാതെ തന്നെ പദ്ധതി ആവിഷ്ക്കരിച്ച് തുക പിൻവലിക്കുന്നത് നിലവിലുള്ള പദ്ധതി മാർഗ്ഗരേഖക്കും, കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾക്കും വിരുദ്ധമാണ്. തുക തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 13/30.12.2020)

1-24 ആശ്രയ പദ്ധതി

ആശ്രയ പദ്ധതി (13/19)

അടങ്കൽ - 5,00,000

ചെലവ് - 5,00,000

(ട്രഷറി ബിൽ നം. 9/16.10.18, 22/24.11.18, 24/19.12.18, 27/28.2.19, 30,8.3.19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 250000/- പ്രകാരം രണ്ട് ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിയിരുക്കുന്നത്.

പദ്ധതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. ധനസഹായം അനുവദിച്ചിട്ടുള്ള (1) ശ്രീമതി. ചന്ദ്രിക, വലിയവീട്ടിൽ, കൈനിക്കോട്, തെങ്കര (2) ശ്രീമതി. അമ്മിണി, മാസപ്പറമ്പ്, കൈതച്ചിറ, മണ്ണാർക്കാട്- എന്നിവർ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടവരാണ് എന്നതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
2. ശ്രീമതി.ചന്ദ്രിക പഞ്ചായത്തുമായി എഗ്രിമെന്റ് വച്ചത് പരിശേധനയ്ക്ക് ലഭ്യമായിട്ടില്ല. തുക കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഇല്ല.

3. ഈ രണ്ട് ഗുണഭോക്താക്കളും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

ഓഡിറ്റ് അന്വേഷണത്തിന് (നം.13/30.12.020) അസി.സെക്രട്ടറി താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

"ആശ്രയ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച ശ്രീമതി.ചന്ദ്രിക, ശ്രീമതി.അമ്മിണി എന്നിവർ ആശ്രയാ ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായിരുന്നു. ഇവർ ലൈഫ് പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടു. ഈ രണ്ട് ലിസ്റ്റിലും ഉൾപ്പെടാത്ത രണ്ട് സാധു സ്ത്രീകളായതിനാൽ അവർക്ക് ഒരു പാർപ്പിടം അത്യാവശ്യമാണെന്ന് നേരിൽ ബോധ്യപ്പെട്ടതിനാലും, ടിയാളുകളുടെ പരിതാപകരമായ അവസ്ഥ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി പ്രത്യേക തീരുമാനമെടുത്തിട്ടാണ് തുക നൽകിയിട്ടുള്ളത്."

പഞ്ചായത്ത് കമ്മിറ്റി തീരുമാനം. നം. 2/9/29.9.2018 ഫയലിൽ പരിശോധനയ്ക്ക് ലഭ്യമായിട്ടുണ്ട്.

ശ്രീമതി.ചന്ദ്രിക ഭവന നിർമ്മാണം പൂർത്തീകരിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്.

കേരളത്തിലെ എല്ലാ ഭവനരഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

ഇപ്രകാരം സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) നിലവിലുള്ളപ്പോൾ ആയതിൽ അർഹതയുള്ളവരെയെല്ലാം ഉൾപ്പെടുത്തേണ്ടതാണ്. അർഹരായവരെ മുഴുവനും ആളുകളെ ഉൾപ്പെടുത്തി ഒരു ഭവന പദ്ധതിയായി നടപ്പിലാക്കലാണ് പദ്ധതി ലക്ഷ്യം. എന്നാൽ ആയതിൽ ഉൾപ്പെടാത്ത പുതിയ രണ്ട് ഗുണഭോക്താക്കളെ കണ്ടെത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് ആശ്രയ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചത് ക്രമപ്രകാരമല്ല.

സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) നിലവിലുള്ളപ്പോൾ പുതിയ ഭവനപദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കുന്നത് പദ്ധതി മാനദണ്ഡങ്ങൾക്കു വിരുദ്ധമാണ്. വരും വർഷങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 എസ്.സി സ്ഥലം വാങ്ങൽ
എസ്.സി സ്ഥലം വാങ്ങൽ ( 164/19) (സ്പിൽഓവർ)

ആടങ്കൽ - 750000/-

ചെലവ് - 750000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി പ്രകാരം 5 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിന് ഒരാൾക്ക് 150000/- രൂപ വീതം നൽകിയിട്ടുണ്ട് . പദ്ധതി പ്രകാരം സ്ഥലം വാങ്ങിയിട്ടുള്ള ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നതിന് ഓഡിറ്റ് അന്വേഷണം (നം. 13/30.12.2020) നൽകിയിരുന്നു. മറുപടിയിൽ ഭവന നിർമ്മാണം സംബന്ധിച്ച വ്യക്തമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

പദ്ധതി പ്രകാരം സ്ഥലം വാങ്ങിയിട്ടുള്ള ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട് ഭവനനിർമ്മാണം ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം, ഇല്ലെങ്കിൽ കാരണം എന്നിവ അറിയിക്കേണ്ടതാണ്.

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) നിലവിലുള്ളപ്പോൾ പുതിയ ഭവനപദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കുന്നത് പദ്ധതി മാനദണ്ഡങ്ങൾക്കു വിരുദ്ധമാണ്. വരും വർഷങ്ങളിൽ പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് മാത്രം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-26 പട്ടികജാതി വിഭാഗകാർക്ക് ഓട്ടോ വാങ്ങുന്നതിന് ധനസഹായം- ചെലവ് തുക തടസ്സപ്പെടുത്തുന്നു
പട്ടികജാതി വിഭാഗക്കാർക്ക് ഓട്ടോ വാങ്ങുന്നതിന് ധനസഹായം (166/19) (സ്പിൽഓവർ)

അടങ്കൽ - 250000/-

ചെലവ് - 150000/-(ട്രഷറി ബിൽ നം.5/7.7.2018)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി പ്രകാരം താഴെ പറയുന്ന മൂന്നു ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

1. സുന്ദരൻ.കെ.പി, s/o.പൊന്നു,കുന്നത്തുക്കളം പറമ്പിൽ,തെങ്കര.

2.സുരേഷ് എ.പി, s/o പൊന്നു, ആറുമുഖംപാടം ഹൗസ്, തെങ്കര.

3. കൃഷ്ണദാസ്, s/o തങ്കമണി, കോളശേരികുന്ന്, മണലാടി.

ഒരു ഗുണഭോക്താവന് 50000/- രൂപ വീതമാണ് ബാക്ക് എൻഡഡ് ആയി സബ്സിഡി ബാങ്കിലേക്ക് നൽകിയിരിക്കുന്നത്.

തുക ട്രൻസ്ഫർ ചെയ്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ:-

1.Mahaveer Motors-CIUB0000123- Account No.512020010018965-Rs.100000/-(സുന്ദരൻ.കെ.പി,&സുരേഷ് എ.പി)

2.Union Bank Of India -Account No.762070198005000- Rs.50000/-(കൃഷ്ണദാസ്)

ശ്രീ. സുന്ദരൻ.കെ.പി & ശ്രീ. സുരേഷ് എ.പി എന്നിവർ Oriental Insurance Company LTD ൽ ALFA -COMFY BS IIIpassenger 19.3.2018 തീയതിയിൽ ഇൻഷൂറൻസ് ചെയ്തതിന്റെ രേഖ ഫയലിൽ പരിശോധനയ്ക്ക് ലഭ്യമായി. ഇൻഷൂറൻസ് കാലയളവ് 19.3.2018-18.3.2019 വരെയാണ്. ഈ രണ്ട് ഗുണഭോക്താക്കളും നിലവിൽ ഓട്ടോ ഉപയോഗിക്കുന്നുണ്ട് എന്നതിന് ആർ.സി.ബുക്ക് ഇൻഷൂറൻസ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ശ്രീ. കൃഷ്ണദാസ് ഓട്ടോ വാങ്ങി ഉപയോഗിക്കുന്നുണ്ട് എന്നതിന്റെ യാതൊരു രേഖയും ഫയലിൽ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

ആയതിനാൽ മതിയായ രേഖകളുടെ അഭാവത്തിൽ 1,50,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/ 30.12.2020) രേഖകൾ ഹാജരാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-27 മരാമത്തു പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും അവലോകനം

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ മരാമത്തു പ്രവൃത്തികൾക്കായി തൻവർഷം ₹34226953/- വകയിരുത്തിയതിൽ ₹22544894/- ചെലവഴിച്ചിട്ടുണ്ട്. ആകെ വകയിരുത്തിയ തുകയുടെ 65.86% ചെലവഴിച്ചിട്ടുള്ളൂ. 2018-19 വർഷം അംഗീകാരം വാങ്ങിയ 130 പ്രവൃത്തികളിൽ 98 പ്രവൃത്തികൾക്കായി തൻ വർഷം തുക ചെലവഴിച്ചിട്ടുണ്ട്.

- 2017-18 ൽ അംഗീകാരം വാങ്ങിയതും 2018-19 ൽ സ്പിൽ ഓവർ ആയി തുടരുന്നതുമായ താഴെ പറയുന്ന പ്രവൃത്തികൾ 2018-19 ലും പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല. അവയുടെ നിലവിലെ സ്ഥിതി, പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കാരണം, ഉപേക്ഷിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമായില്ല.

| ക്രമ നം. | പ്രവൃത്തി | അടങ്കൽ | ഫണ്ട് |
|---|---|---|---|
| 1. | 178/19-മേലാമുറി തറ റോഡ് ടാറിംഗ് | 300000 | മെയിന്റനൻസ് ഗ്രാന്റ് -റോഡ് |
| | | | |

| | | | |
|---|---|---|---|
| 2. | 180/19പുഞ്ചക്കോട് പണ്ടാരത്തൊടി റോഡ് ടാറിംഗ് | 300000 | മെയിന്റനൻസ് ഗ്രാന്റ് -റോഡ് |
| 3. | 187/19.ഉറവിൽ കോളനി ഭദ്രകാളി ക്ഷേത്രം റോഡ് സൈഡ് കെട്ടൽ | 200000+290000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് -റോഡ് |
| 4. | 189/19, മെഴുകുംപാറ അങ്കണവാടി റിപ്പയർ | 200000 | മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് |
| 5. | 190/19, കൈതച്ചിറ 4സെന്റ് കോളനി കുടിവെള്ളപദ്ധതി | 200000 | മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് |
| 6. | 192/19, വിവിധ വാർഡുകളിലെ പൊതുകിണർ അറ്റകുറ്റപ്പണി | 396136 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 7. | 193/19,ഹനുമന്ദമൂല ആദിവാസികോളനി കിണർ നിർമ്മാണം | 225000 | വികസന ഫണ്ട് ടി.എസ്. പി |
| 8. | 194/19, ചെമ്പൻകുറിശ്ശി ക്രോസ് വേ അപ്രോച്ച്റോഡും സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തിയും | 1200000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 9. | 203/19, മിച്ചഭൂമി എസ്. സി കോളനി കുടിവെള്ള പൈപ്പ്ലൈൻ പുനസ്ഥാപിക്കൽ | 125000 | വികസനഫണ്ട് എസ്. സി.പി |
| 10. | 210/19,വെള്ളാരംകുന്ന് അങ്കണവാടി കെട്ടിടനിർമ്മാണം | 1200000 | തനതുഫണ്ട്, ബ്ലോക്ക് പഞ്ചായത്തുവിഹിതം, മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് |
| 11. | 211/19 ,ചേറുംകുളം പടിഞ്ഞാറെക്കുന്ന് എസ്. സി കോളനി കിണർ പുനരുദ്ധാരണം | 73000 | വികസനഫണ്ട് എസ്. സി.പി |

2. പൊതു അപാകതകൾ

- പ്രവൃത്തികളുടെ ഫയലിനോടൊപ്പം വെച്ചിട്ടുള്ള കരാറുകാരുമായുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ അംഗീകരിച്ച തീരുമാനം രേഖപ്പെടുത്തുന്നില്ല.
- ടെണ്ടർ അംഗീകരിച്ചതിനുശേഷം കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുന്നില്ല.
- എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തിയിട്ടില്ല.
- കാഷ് ബുക്ക് എ.ഇ. പൂർണ്ണമായി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
- 2018-19 വർഷത്തിൽ ഫൈനൽ ബില്ല് നൽകിയ പ്രവൃത്തികളിൽ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം Name Board ന് തുക വകയിരുത്തുകയോ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.
- പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണ്. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു. ചെറിയ തുകകൾ വകയിരുത്തി പ്രവൃത്തികളുടെ എണ്ണം കൂട്ടുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.
- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ചവ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(11/30.12.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

**ഓഡിറ്റ് നിർദ്ദേശം**

പ്രൊജക്റ്റ് നിർവ്വഹണത്തിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥൻ, സ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവർ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. രേഖകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

1-28 കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി

മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ 14 പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കരാർ തുകയുടെ 1% പിഴ ആകെ ഈടാക്കേണ്ട ₹.27132/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടവാക്കേണ്ടതാണ്. (വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക).

## 1-29 പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

2018-19 വർഷം ഫൈനൽ ബില്ലു നൽകിയ 4 പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കുന്നതിന് സ.ഉ (പി) നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിക്കുകയോ നിയമപ്രകാരമുള്ള പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. കരാറുകാരന്റെ അപേക്ഷ കൂടാതെയും എ.ഇ യുടെ ശുപാർശ ഇല്ലാതെ നിയമാനുസൃത പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം പഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. ആയതിനാൽ ഈയിനത്തിൽ ആകെ ഈടാക്കേണ്ട പിഴ ₹31489/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടവാക്കേണ്ടതാണ്. (വിശദാംശങ്ങൾക്ക് ഖണ്ഡിക 3 -2കാണുക).

## 1-30 ഇ-ടെണ്ടർ ടെണ്ടർഫോം ഫീസ് പഞ്ചായത്തു തനതുഫണ്ടിലേക്കടവാക്കേണ്ടതാണ്

ഇ-ടെണ്ടർ ടെണ്ടർഫോം ഫീസ് അക്കൗണ്ടു ചെയ്യുന്നതിനായുള്ള അക്കൗണ്ടിൽ (നം. 37459997190, State Bank of India, മണ്ണാർക്കാട്) 21.12.2020 ന് 69542/-രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു. ഇതിൽ ടെണ്ടർ ഫോമിന്റെ വിലയിനത്തിലുള്ള തുക പഞ്ചായത്തു തനതുഫണ്ടിലേക്കും നികുതിയിനത്തിലുള്ള തുക അതാത് ഹെഡിലേക്കും അടവാക്കേണ്ടതാണ്.

## 1-31 ജനറൽ പർപസ് ഗ്രാന്റ് ലാപ്സാകാനിടയായി

അലോട്ട്മെന്റുകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ പ്രകാരം തൻവർഷത്തെ ജനറൽ പർപസ് ഗ്രാന്റ് വരവ് ₹.10882441/- ആണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള വരവ് ₹10008774/- ആണ്. വ്യത്യാസം ₹873677/-(കുറവ്). അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ,

ട്രഷറി ബിൽ ബുക്ക് എന്നിവ പരിശോധിക്കുമ്പോൾ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള ഈ തുക സെക്രട്ടറിയുടെ TSB അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല എന്നും തൻവർഷത്തെ വരവ് ₹873677/- കുറവാണ് എന്നും ബോധ്യപ്പെട്ടു. ഈ തുക വരവിൽ കുറവു വരാനും TSB അക്കൗണ്ടിൽ 31.03.2019 നകം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യപ്പെടാതെ ലാപ്സാകാനിടയായതിനും വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(12/30.12.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## ഓഡിറ്റ് നിർദ്ദേശം

തനതു ഫണ്ട് വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തിന് അനുവദിച്ചിരുന്ന ഗ്രാന്റ് നഷ്ടപ്പെടാതെ തിരികെ ലഭ്യമാക്കുന്നതിന് ഭരണതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-32 വിവിധ പദ്ധതികൾക്കായി മറ്റ് ഏജൻസികളിൽ നിന്ന് ലഭ്യമാകുന്ന തുകകൾ യഥാസമയം ചെലവഴിക്കുന്നില്ല

2018-19 സാമ്പത്തിക വർഷത്തെ AFS ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം. B-4 പ്രകാരം മറ്റ് ഏജൻസികളിൽ നിന്ന് പദ്ധതി നടത്തിപ്പിനായി ലഭ്യമായതും ചെലവഴിക്കാത്തതുമായ താഴെ പറയുന്ന തുകകൾ ഗ്രാമ പഞ്ചായത്തിന്റെ ബാധ്യതയായി കാണിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ട് വിവരം | പ്രൊജക്ട് വിവരങ്ങൾ | തുക | തുക ലഭ്യമായ വർഷം | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | ടി.എസ്.സി | ലഭ്യമല്ല | 23550 | 2017-18 | ശുചിത്വ മിഷൻ |
| | | ഖരമാലിന്യ സംസ്ക്കരണം | 1200000 | 2017-18 | ശുചിത്വ മിഷൻ |
| | | പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റ് | 569500 | 2018-19 | സ്വച്ഛ്ഭാരത് മിഷൻ, ശുചിത്വ മിഷൻ |
| 2 | ഐ.സി.ഡി.എസ് | അങ്കണവാടി പോഷകാഹാരം | 1130251 | 2017-18, 2018-19 | ശിശു വികസന പദ്ധതി ഓഫീസ് (കേന്ദ്ര വിഹിതം) |
| 4 | എസ്.ടി കോർപ്പസ് ഫണ്ട് | - | 490000 | 2016-17 | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് |

| | | | | | |
|---|---|---|---|---|---|
| 5 | വിമുക്തി | - | 11300+ 25000 | 2017-18, 2018-19 | എക്സൈസ് ഡിപ്പാർട്ട്മെന്റ് |
| 6 | പൈക്ക | | 380000 | 2017-18 | കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം |
| 7 | | | 264852 | | വിവരങ്ങൾ ലഭ്യമായില്ല |
| 8 | | ആയുർവേദ ആശുപത്രി സൈഡ് വാൾ നിർമ്മാണം | 45506 | | വിവരങ്ങൾ ലഭ്യമായില്ല |
| 9 | | ലൈഫ് മിഷൻ രണ്ടാംഘട്ടം (ടിഎസ് പി) | 102700 | 2018-19 | ബ്ലോക്ക് പഞ്ചായത്ത് |
| 10 | | ലൈഫ് മിഷൻ രണ്ടാംഘട്ടം (എസ് സി പി) | 244797 | 2018-19 | ബ്ലോക്ക് പഞ്ചായത്ത് |
| 11 | | ലൈഫ് മിഷൻ രണ്ടാംഘട്ടം (ടിഎസ് പി) | 23862 | 2018-19 | ജില്ലാ പഞ്ചായത്ത് |
| 12 | | ലൈഫ് രണ്ടാംഘട്ടം ടി എസ് പി | 46001 | 2018-19 | ജില്ലാ പഞ്ചായത്ത് |
| 13 | | ലൈഫ് മിഷൻ | 1802836 | 2018-19 | ജില്ലാ പഞ്ചായത്ത് |

തുക അതാത് വർഷം തന്നെ ചെലവഴിക്കാതിരുന്നതിനു വിശദീകരണവും പിന്നീടുള്ള വർഷങ്ങളിൽ ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/30.12.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകകൾ ചെലവഴിക്കാൻ സാധ്യമല്ലാത്തപക്ഷം അതാത് ഏജൻസികൾക്ക് തിരികെ നൽകി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാനുലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാനുലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ മാനുൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യാതെ കരാർ വെയ്ക്കുകയാണുണ്ടായത്. ഇത് ശരിയായ നടപടിക്രമമല്ല. ആയതിനാൽ കരാർ വെച്ച് പ്രവൃത്തി ചെയ്യാൻ അനുമതി നൽകിയ സാഹചര്യത്തിൽ യഥാസമയം ഈടാക്കേണ്ടിയിരുന്ന കരാർ തുകയുടെ 1% പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി, പി. എ.സി, ട്രഷറി ബിൽ നം./ ചെക്ക് നം.- | ടെണ്ടർ, അംഗീകരിച്ച തീയതി | എഗ്രിമെന്റ് വെച്ചത്, കരാറുകാരൻ | പിഴ ഈടാക്കേണ്ടത് (₹) |
|---|---|---|---|---|
| 1. | 226/19-അടാംപുള്ളി നജാത്ത് റോഡ് സംരക്ഷണം, 299841/- ചെക്ക് നം.-5031530/29.3.19-1099507/- ൽ ഉൾപ്പെടുന്നത് | 27.11.18, 11.12.2018 | 96/5.1.19 അനിൽ.പി, ഐഡിയൽ ഡവലപ്പേഴ്സ് | 2998/- |
| 2. | 228/19-പഴയചെക്ക് പോസ്റ്റ് കൈക്കോട്ടും പള്ളിയാൽ കണക്ഷൻറോഡ് കോൺക്രീറ്റ്, 274782/-5031506/15.3.19- | 27.11.18 11.12.2018 | 97/5.1.19 അനിൽ.പി, ഐഡിയൽ ഡവലപ്പേഴ്സ് | 2748/- |

| | | | | |
|---|---|---|---|---|
| | 2072488/- ൽ ഉൾപ്പെടുന്നത് | | | |
| 3. | 130/19-ചെറുംകുളം അങ്കണവാടി സൈഡ് റോഡ് കോൺക്രീറ്റ്, 190602/-2430263/11.12.2018-200000/- | 18.7.18<br>27.7.18 | 47/23.08.18<br>ഉണ്ണികൃഷ്ണൻ.പി | 1906/- |
| 4. | 90/19-വി.കെ.നഗർ ക്രോസ്സ് റോഡ് കോൺക്രീറ്റ്, 49962/-2430260/11.12.2018-49000/- | 18.7.18<br>27.7.18 | 50/23.08.18<br>ഉണ്ണികൃഷ്ണൻ.പി | 1000/- |
| 5. | 89/19-വി.കെ.നഗർ റോഡ് കോൺക്രീറ്റ്, 50000/-<br>2430260/11.12.2018 | 18.7.18<br>27.7.18 | 49/23.08.18<br>ഉണ്ണികൃഷ്ണൻ.പി | 1000 |
| 6. | 96/19, വെള്ളാഞ്ചീരി കോളനി റോഡ് കോൺക്രീറ്റ്, 99867/-<br>ബിൽനം.-60/10.1.19-100000/- | 18.7.18<br>27.7.18 | 56/04.09.18<br>അനിൽ.പി,<br>ഐഡിയൽ ഡവലപ്പേഴ്സ് | 1000/- |
| 7. | 117/19-പറശ്ശേരി താജ്നഗർ മേലെ റോഡ് കോൺക്രീറ്റ്, 149841/-<br>59/10.1.19-150000/- | 18.7.18<br>27.7.18 | 52/04.09.18<br>അനിൽ.പി,<br>ഐഡിയൽ ഡവലപ്പേഴ്സ് | 1498/- |
| 8. | 82/19- ബംഗ്ലാവുംകുന്ന് ലിങ്ക് റോഡ് കോൺക്രീറ്റ്, 149982/-<br>58/10.1.19- 150000 | 18.7.18<br>27.7.18 | 54/04.09.18<br>അനിൽ.പി,<br>ഐഡിയൽ ഡവലപ്പേഴ്സ് | 1500/- |
| 9. | 109/19, കനാൽ ടി.കെ. റോഡ് കോൺക്രീറ്റ്, 149770/-<br>53/31.12.18-150000/- | 18.7.18<br>27.7.18 | 55/04.09.18<br>അനിൽ.പി,<br>ഐഡിയൽ ഡവലപ്പേഴ്സ് | 1498/- |
| 10. | 118/19-മണലടി റാവുത്തർ കുളം റോഡ് കോൺക്രീറ്റ്, 249480/-<br>52/31.12.18-250000/- | 18.7.18<br>27.7.18 | 53/04.09.18<br>അനിൽ.പി,<br>ഐഡിയൽ ഡവലപ്പേഴ്സ് | 2495/- |

| | | | | |
|---|---|---|---|---|
| 11. | 92/19-നാഗൻപടി റോഡ് കോൺക്രീറ്റ്' , 249723/- 22/23.11.18-250000/- | 18.7.18 27.7.18 | 51/23.08.18 ഉണ്ണിക്കൃഷ്ണൻ | 2497/- |
| 12. | 103/19-പറമ്പൻ തരിശ്ശ് കനാൽ റോഡ് കോൺക്രീറ്റ്, 249248/- 19/23.11.18-250000/- | 18.7.18 27.7.18 | 48/23.08.18 ഉണ്ണികൃഷ്ണൻ | 2492/- |
| 13. | 56/17-പറമ്പൻ തരിശ്ശ് മെഴുകുപാറ റോഡ്, 99280/- 7/30.6.18- 57656/- | 14.12.16 09.01.17 | 38/10.2.17 പി.ഹംസ | 1000/- |
| 14. | മുണ്ടക്കണ്ണി മുത്തശ്ശിപ്പൊട്ടി റോഡ് ടാറിംഗ്, 349993/- 8/30.6.18- 267541/- | 14.12.16 09.01.17 | 42/20.02.17 അനിൽ.പി, ഐഡിയൽ ഡവലപ്പേഴ്സ് | 3500/- |
| ആകെ പിഴ ഈടാക്കേണ്ടത് | | | | 27132 |

ആകെ ഈടാക്കേണ്ട പിഴ ₹27132/-കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (11/30.12.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

3-2 പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ 2018-19 വർഷത്തെ പ്രവൃത്തികൾ പരിശോധിക്കുമ്പോൾ താഴെ പറയുന്ന പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല എന്നു കാണുന്നു. 2012 ലെ ജി.ഒ. (പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാറുകാരന്റെ അപേക്ഷ കൂടാതെയും എ.ഇ യുടെ ശുപാർശ ഇല്ലാതെ നിയമാനുസൃത പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം പഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) | പി.എ.സിയുടെ 1% കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2% കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ |

താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷ നല്കിയിട്ടില്ല. ദീർഘിപ്പിക്കാൻ നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ലെന്നും പരിശോധനയിൽ കണ്ടെത്തി. പൂർത്തീകരണ കാലാവധി ആദ്യ തവണ 25% ൽ അധികരിച്ചും ആകെ 50% ൽ അധികരിച്ചും ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പിഴ ഈടാക്കേണ്ടതുമാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരങ്ങൾ | പിഴ ഈടാക്കേണ്ടത് -1%+2% | ഈടാക്കിയത് | പിഴ ഈടാക്കേണ്ടത് |
|---|---|---|---|---|
| 1. | ആറുമുഖം എസ്സ്.സി കോളനി ഡ്രെയിനേജ് നിർമ്മാണം(242/1 8)<br>പി.എ.സി.-399993/-<br>ബിൽ നം.- 68/28.1.19-400000/-<br>അളവുപുസ്തകം-54/18-19<br>കരാറുകാരൻ-സതീഷ്കുമാർ .പി.ഡി<br>എഗ്രിമെന്റ്-75/23.3.18<br>പൂർത്തീകരിക്കേണ്ട തീയതി - 22.09.18 (TS പ്രകാരം 6 മാസം)<br>പൂർത്തീകരിച്ച തീയതി- 27.12.18 | 12000 | 0 | 12000 |
| 2. | താണിപറമ്പ് റോഡ് ടാറിംഗ്(130/1 8)<br>പി.എ.സി.- 249680/- | 7490 | 0 | 7490 |

| | | | | |
|---|---|---|---|---|
| | ബിൽ നം.- 78/28.2.19-224938/-<br><br>അളവുപുസ്തകം-63/18-19<br><br>കരാറുകാരൻ-പി.ഹംസ<br><br>എഗ്രിമെന്റ്-62/23.11.17<br><br>പൂർത്തീകരിക്കേണ്ട തീയതി - 31.3.18<br><br>പൂർത്തീകരിച്ച തീയതി- 22.01.19 | | | |
| 3. | കാളക്കാട് കൽക്കടി റോഡ് ടാറിംഗ് (91/1 8)<br><br>പി.എ.സി.-299950/-<br><br>ബിൽ നം.- 83/5.3.19-300000<br><br>അളവുപുസ്തകം-62/18-19<br><br>കരാറുകാരൻ-പി.ഹംസ<br><br>എഗ്രിമെന്റ് -64/23.11.17<br><br>പൂർത്തീകരിക്കേണ്ട തീയതി - 22.4.18 (TS പ്രകാരം 5മാസം)<br><br>പൂർത്തീകരിച്ച തീയതി- 23.1.19 | 8999 | 0 | 8999 |
| 4. | കൃഷി ഓഫീസിന് അടിസ്ഥാന സൗകര്യം (217/1 8)<br><br>പി.എ.സി.- 49793/-<br><br>ബിൽ നം.- 86/22.3.19-35042<br><br>അളവുപുസ്തകം-85/18-19 | 3000 | 0 | 3000 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ-സതീഷ്കുമാർ .പി.ഡി<br><br>എഗ്രിമെന്റ് - 55/2.11.17<br><br>പൂർത്തീകരിക്കേണ്ട തീയതി - 31.3.18<br><br>പൂർത്തീകരിച്ച തീയതി- 1.3.19 | | | |
| ആകെ | | | | 31489 |

ആകെ ഈടാക്കേണ്ട പിഴ ₹31489/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (11/30.12.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 03.07.2019 മുതൽ 04.07.2019 വരെ | കെ.എസ്.എ-പി.കെ.ഡി-21/997/2019(75) തീയതി26.08.2019 |

4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (വാർഷിക കണക്ക്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ പ്രകാരം)$

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 102700 | ലൈഫ് മിഷൻ എസ്.ടി. | 0 | 102700 |
| | | 244797 | ലൈഫ് മിഷൻ എസ്.സി. | 0 | 244797 |
| | | 2064972 | ലൈഫ് മിഷൻ ജനറൽ | 2064972+ 15028 | -15028# |
| | | 250000 | പാലിന് സബ്സിഡി | 0 | 250000 |
| | 2017-18 | 745730 | ലൈഫ് മിഷൻ-ജനറൽ, പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം (150/19) | 745730 | 0 |
| ആകെ | | 745730(OB) 2662469(18-19) | | 2825730 | 582469 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 3181985 | ലൈഫ് ജനറൽ | 3160000 | 21985 |
| | | 238692 | ലൈഫ് എസ്.സി | - | 238692 |
| | | 46001 | ലൈഫ് എസ്.ടി | - | 46001 |
| | | 1702060 | ലൈഫ് (ACR പ്രകാരം വിവരങ്ങൾ ലഭ്യമല്ല) | - | 1702060 |
| | | 100776 | -ടി- | - | 100776 |
| ആകെ | | 5269514 | | 3160000 | 2109514 |

**$-നിർവ്വഹണോദ്യോഗസ്ഥരുടെ പ്രൊജക്റ്റുകൾക്കായി തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും പത്രിക (സുലേഖ) പ്രകാരം ജോയിന്റ് വെഞ്ചർ പ്രൊജക്റ്റുകൾക്കായി ജില്ലാ പഞ്ചായത്ത് വിഹിതമായി 3851483/-ഉം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 3865940/- ഉം ചെലവഴിച്ചിട്ടുണ്ട്. ഇതു പ്രകാരം ജോയിന്റ് വെഞ്ചർ പ്രൊജക്റ്റുകൾക്കായി താഴെ പറയുന്ന ഇനങ്ങൾക്കു കൂടി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിഹിതം ചെലവഴിച്ചതായി കാണുന്നു. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ഈയിനങ്ങളിൽ വരവു ചെലവു നീക്കിയിരിപ്പ് കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. ലൈഫ് മിഷൻ പ്രൊജക്റ്റിന്റെ ഭാഗമായ ചെലവു കണക്കുകളിലും വ്യത്യാസമുണ്ട്. വിശദവിവരങ്ങൾക്ക് ഖണ്ഡിക 1-10 സി.കാണുക.**

**#-ജില്ലാ പഞ്ചായത്ത് വിഹിതം ചെലവ് ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും ചെലവ് കണക്കിലെടുത്തത്.**

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | KURDFC/ / /2018 | 41640000 | - | -- | - | 41640000 |
| EMS ഭവന വായ്പ | - | 15096000 | 3593073 | 2243225 | - | 1349848 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ ഒന്നും അവശേഷിക്കുന്നില്ല.

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

**(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹119474523 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹70629855 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹58621 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹440000 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 27132 | റഷീദ്.ഇ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 31489 | റഷീദ്.ഇ. അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 58621 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ<br>പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 290000 | അനീസ്യലാൽ.പി.<br>അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | 150000 | അനീസ്യലാൽ.പി.<br>അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 440000 | |

(സി) **<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**
ഒന്നുമില്ല

(ഡി) **<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഒന്നുമില്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റഷീദ്.ഇ.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് | എളമ്പിലാവിൽ, ഭീമനാട്,പാലക്കാട്. |
| അനീസ്യലാൽ.പി.<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത് | വടക്കന്റെ പറമ്പ്, അഭിനിവാസ്, ചേന്നേൻകര, തോട്ടപ്പള്ളി,ആലപ്പുഴ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക് |
|---|---|---|
| 2005-06 | എൽ.എഫ്.പി.9/1419/08 തിയതി 18-08-05 | 3 |
| 2006-07 | എൽ.എഫ്.പി.9/217/11 തിയതി 18-03-10 | 2 |
| 2007-08 | എൽ.എഫ്.പി.9/923/10 തിയതി 25-09-2010 | 2 |
| 2008-09 | എൽ.എഫ്.പി.9/1572/12 തിയതി 25-06-13 | 12 |
| 2009-10 | എൽ.എഫ്.പി.9/1572/12 തിയതി 25-06-13 | |
| 2010-11 | എൽ.എഫ്.പി.9/1572/12 തിയതി 25-06-13 | |
| 2011-12 | എൽ.എഫ്.പി.9/307/14 തിയതി 18-03-14 | 8 |
| 2012-13 | എൽ.എഫ്.പി.22-836/15 തിയതി 6-10-15 | 3 |
| 2013-14 &2014-15 | കെ.എസ്.എ. പി. കെ.ഡി. 9/ 1227/16 തീയ്യതി 2-8-2016 | 23 |
| 2015-16 | കെ എസ് എ.പി കെ ഡി-9 /2300/16 തിയ്യതി 30.12.16 | 10 |
| 2016-17 | കെ എസ് എ.പികെഡി-9/ 1714/17/ തിയ്യതി 1.11.17 | 8 |
| 2017-18 | കെ എസ് എ. പികെഡി9/ 310/19/ തിയ്യതി 12.03.19 | 38 |

**ഡെപ്യൂട്ടി ഡയറക്ടർ**

<u>അനുബന്ധം-1</u>
<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം. കെ.എസ്.എ-പി.കെ.ഡി-21/997/2019(75)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
ഫോൺ - 04912-520145,
തീയതി -26.08.2019
ഇ-മെയിൽ - dopkd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 31-3-2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. IOB അക്കൗണ്ട് (നം. 5000), വിജയ ബാങ്ക് (നം. 15476) എന്നീ അക്കൗണ്ടുകൾ പ്രതിമാസം റീ കൺസിലിയേഷൻ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
2. തൊഴിൽനികുതി (ജീവനക്കാർ)- രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റും, ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.
3. ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവിധ ഡെപ്പോസിറ്റുകളുടെ റീ ഫണ്ട് തുകകളും ധനകാര്യ പത്രികയിലെ RP-34 ലെ ചെലവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
4. ലോൺ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ലൈഫ് ലോൺ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
5. അഡ്വാൻസ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ ഇല്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
7. ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ തൻവർഷ കുടിശ്ശിക തുകകൾക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. (ഷെഡ്യൂൾ I-16).

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD-21/997/2019(75)

Kerala State Audit Department,
District Audit Office, Palakkad,

Phone Number: 04912 520145,

Date.26.08.2019

email: dopkd.ksad@kerala.gov.in

Certificate

Certified that I have examined the Annual Financial Statement of Thenkara Gramapanchayat for the year ended on 31-3-2019 in Palakkad District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the Cetification of Accounts of Panchayat Raj Institutions.

In my opinion, the Financial Statement of Thenkara Gramapanchayat for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing balance.

Deputy Director

Abstract Defects/Discrepancies

1. Monthly Reconciliation for IOB a/c & Vijaya Bank a/c is not prepared & certified by Secretary.
2. The Demand for profession Tax for employees in the concerned Register is not agreeing with the Demand in the Income & Expenditure a/c.
3. The refund of various deposits in the Deposit Register as well as RP-34 of the Balance Sheet is not tallying.
4. The entries in the Loan Register is not proper. The details of Loan for LIFE is not properly recorded.
5. The necessary entries in of transactions in the Advance Register is incomplete.
6. Asset Register is not updated.
7. Provision for Arrears not entered in the Income & Expenditure a/c in Schedule I-16.

Deputy Director

## അനുബന്ധം-2
## വിവിധ പത്രികകൾ

| | | | |
|---|---|---|---|
| Thenkara Grama Panchayat | | | |
| RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 3417891.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 522480.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 464527.00 |
| 150000000 | Sale & Hire Charges | RP-5 | 269659.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 47981012.00 |
| 171000000 | Interest Earned | RP-9 | 66719.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12328782.00 |
| 350000000 | Other Liabilities | RP-36 | 2282359.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 180000000 | Other Income | RP-10 | 12240.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 330000000 | Secured Loans | RP-32 | 41640000.00 |
| 340000000 | Deposits Received | RP-34 | 394635.00 |
| 350000000 | Other Liabilities | RP-36 | 154051.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 13040356.00 |
| 460000000 | Loans, Advances and Deposits | RP-47 | 317703.00 |
| | Grand total | | 122892414.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3061098.00 |
| 220000000 | Administrative Expenses | RP-12 | 1375002.00 |
| 230000000 | Operations & Maintenance | RP-13 | 1840449.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7466788.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 20202324.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 202942.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 1350856.00 |
| Sector Division | | | |
| Page No : 1 | | | |
| 254000000 | Expenditures of Transferred institutions and | RP-19 | 502050.00 |

| | | | |
|---|---|---|---|
| | State Sponsored | | |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 2856827.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 10000.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 15000.00 |
| 280000000 | Prior Period item | RP-26 | -2025.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 98308.00 |
| 350000000 | Other Liabilities | RP-36 | 6023592.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 649.00 |
| 330000000 | Secured Loans | RP-32 | 3550.00 |
| 340000000 | Deposits Received | RP-34 | 420236.00 |
| 350000000 | Other Liabilities | RP-36 | 1435399.00 |
| 410000000 | Fixed Assets | RP-38 | 20969406.00 |
| 412000000 | Capital work in Progress | RP-40 | 1819946.00 |
| 460000000 | Loans, Advances and Deposits | RP-47 | 977458.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 52182765.00 |
| Cash | Cash | RP-40(b) | 79794.00 |
| | Grand Total | | 122892414.00 |

| | | | |
|---|---|---|---|
| Thenkara Grama Panchayat | | | |
| INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3096997.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4(b) | 511327.00 |
| 150000000 | Sale & Hire Charges | I-5(b) | 269659.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 127947262.00 |
| | Subsidies | | |
| 171000000 | Interest Earned | I-8 | 66719.00 |
| 180000000 | Other Income | I-9 | 272947.00 |
| | Total Income | | 132164911.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8223153.00 |
| 220000000 | Administrative Expenses | I-11(b) | 1375202.00 |
| 230000000 | Operations & Maintenance | I-12(b) | 1840449.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 7466788.00 |
| | Programme Expenses | | |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 62876630.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 202942.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 1350856.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 44827650.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 2856827.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 10000.00 |
| 260000000 | Grants, Contributions & Compensation from Own Fund / | I-15 | 15000.00 |
| | Subsidies | | |
| 272000000 | Depreciation | I-17(a) | 5070128.00 |
| | Total Expenditure | | 136116274.00 |
| | Gross Surplus/ Deficit of income over Expenditure | | -3951363.00 |
| 280000000 | Prior Period Item | I-18 | 270740.00 |
| | Gross Surplus/Deficit of Income over Expenditure | | -4222103.00 |

| | | | |
|---|---|---|---|
| | after prior period items. | | |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| | | | |
|---|---|---|---|
| Thenkara Grama Panchayat | | | |
| Thenkara Grama Panchayat | | | |
| BALANCE SHEET | | | |
| AS on 31st March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -1553532.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 6948.00 |
| | Agency Fund | | |
| 312000000 | Reserves | B-3 | 53080916.00 |
| | Total Reserve & Surplus | | 51534332.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7091323.00 |
| | Total Grants, Contributions for Specific Purposes | | 7091323.00 |
| Loans | | | |

| | | | |
|---|---|---|---|
| 330000000 | Secured Loans | B-5 | 42989848.00 |
| | Total Loans | | 42989848.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 605843.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 824142.00 |
| | Total Current Liabilities and Provisions | | 1429985.00 |
| | TOTAL LIABILITIES | | 103045488.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 63153075.00 |
| 411000000 | Accumulated Depreciation | B-11 | -15429075.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 47724000.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1083126.00 |
| 440000000 | Pre-paid Expenses | B-16 | 1349848.00 |
| 450000000 | Cash and Bank Balance | B-17 | 52262559.00 |
| 460000000 | Loans, Advances and Deposits | B-18 | 625955.00 |

| | | | |
|---|---|---|---|
| Page No : 1 | | | |

| | | | |
|---|---|---|---|
| Total Current Assets, Loans and Advances | 55321488.00 | | |
| Other Assets | | | |
| Miscellaneous Expenditure | | | |

| | | | |
|---|---|---|---|
| (To the Extent not written off) | | | |
| TOTAL ASSETS | 103045488.00 | | |

Digitally signed Secretary

Deputy Director